**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1888** **09-12-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയെ ദേശീയ ഭക്ഷ്യ സുരക്ഷാമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സുസ്ഥിര നെൽകൃഷി വികസനത്തിൽ പാലക്കാട് ജില്ലയെ ദേശീയ ഭക്ഷ്യ സുരക്ഷാമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉൾപ്പെടുത്തിയിട്ടുണ്ട്. നെല്ലിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് പാലക്കാട് ജില്ലയിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാമിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രദർശന പ്ലോട്ടുകൾ, സർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയ വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവാക്കിയിട്ടുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാമിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ആകെ **22,09,000/-** രൂപ ചെലവഴിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ പ്രദർശന പ്ലോട്ടുകൾ എന്ന ഘടകത്തിൽ 3,01,860/- രൂപയും, സർട്ടിഫൈഡ് വിത്ത് വിതരണം എന്ന ഘടകത്തിൽ 2,07,552/- രൂപയും, മണ്ണ് പരിപോഷണം, സംയോജിത കീടരോഗ നിയന്ത്രണം എന്നീ ഘടകങ്ങളിൽ 2,70,010/- രൂപയും, കാർഷിക ഉപകരണങ്ങൾക്കായി 13,80,578/- രൂപയും കാർഷിക പരിശീലനം നടത്തുന്നതിനായി 49,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി മുഖേന തരൂർ മണ്ഡലത്തിൽ ചെലവാക്കിയ തുക പ്രത്യേകമായി ലഭ്യമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി മുഖേന തരൂർ മണ്ഡലത്തിൽ **5,75,390/-** രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ